010606

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ഭവന വായ്പ പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(കൈ) നം. 17/16/സഹ. തീയതി, തിരുവനന്തപുരം, 18.02.2016

---

പരാമർശം :- 1) 18.03.2013 തീയതിയിലെ സ.ഉ(കൈ) നം. 42/13/സഹ

2) സഹകരണ സംഘം രജിസ്ട്രാറുടെ 13.10.2015 തീയതിയിലെ സി.ജി (3) 27815/15 നമ്പർ കത്ത്.

01 MAR 2016

## ഉത്തരവ്

സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ഭവന വായ്പ പരിധി 10 ലക്ഷം രൂപയായും വായ്പ പലിശ 9% നിരക്ക് എന്നും പരാമർശത്തിലെ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിരുന്നു. വർദ്ധിച്ച വരുന്ന ഭവന നിർമ്മാണ ചെലവുകൾ കണക്കിലെടുത്തുകൊണ്ട് നിലവിലെ ഭവനവായ്പ പരിധി ഉയർത്തണമെന്ന ജീവനക്കാരുടെ അപേക്ഷ പരിശോധിച്ച ശേഷം സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) പ്രകാരം വ്യക്തമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് ഭവന വായ്പ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി വരെയും, വായ്പാപരിധി 20 ലക്ഷം രൂപയായും ഉയർത്തുന്നതിനും സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന ഭവന വായ്പയുടെ പലിശ നിരക്കിൽ നിന്ന് 1% കുറവ് ചെയ്ത് ജീവനക്കാരുടെ ഭവനവായ്പയുടെ പലിശനിരക്ക് നിജപ്പെടുത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.വാസന്തി**

ജോയിന്റ് സെക്രട്ടറി

ഗവ.സ്പെഷ്യൽ സെക്രട്ടറിക്ക് വേണ്ടി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ